## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 3338

21.12.2012 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ ഘടന പൂർണ്ണരൂപത്തിൽ ക്രമീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;<br>(ബി) ജില്ലകൾ തോറും ഓഫീസുകൾ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും | ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരത്ത് ന്യൂന പക്ഷക്ഷേമ ഡയറക്ടറേറ്റും സെക്രട്ടേറിയറ്റിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഡെപ്യൂട്ടി കളക്ടർ ജനറലിന്റെ നിയന്ത്രണത്തിൽ ഒരു എൽ.ഡി. ക്ലർക്ക് മാത്രമുള്ള ഒരു ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഏതെല്ലാം പദ്ധതികളിൽ എത്ര മാത്രം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; | (സി) | 2011-12 വിദ്യാഭ്യാസ വർഷം ഒമ്പതാം ക്ലാസ്സിൽ പഠിച്ചിരുന്ന തെരഞ്ഞെടുത്ത 7599 ബി.പി.എൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പഠനമേശയും കസേരയും ഈ വകുപ്പ് സൗജന്യമായി നൽകിയിട്ടുണ്ട്. സൈനിക, അർദ്ധ സൈനിക പോലീസ് വിഭാഗങ്ങളിലേക്ക് ജോലി ലഭിക്കുന്നതിനാ വശ്യമായ പരിശീലനം തെരഞ്ഞെടുക്കപ്പെട്ട 50 ന്യൂനപക്ഷ യുവജനങ്ങൾക്ക് ഈ വകുപ്പിന്റെ നേതൃത്വത്തിൽ നൽകി വരുന്നു. ഈ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ കരുനാഗപ്പള്ളി, കാഞ്ഞിരപ്പള്ളി, ആലുവ, പൊന്നാനി, വേങ്ങര, പയ്യന്നൂർ, കോഴിക്കോട് ശാഖകൾ വഴി ന്യൂനപക്ഷ മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്കുള്ള പരിശീലനം ലഭിക്കുകയും ധാരാളം പേർ സർക്കാർ പൊതുമേഖലാ സർവ്വീസുകളിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. മുസ്ലീം വിദ്യാർത്ഥിനികൾക്ക് ഡിഗ്രി തലത്തിൽ 3000 പേർക്കും പി.ജി. തലത്തിൽ 1000 പേർക്കും പ്രൊഫഷണൽ തലത്തിൽ 1000 |

| | | | |
|---|---|---|---|
| | | | പേർക്കുമായി മൊത്തം 5000 സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്ന സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | വകുപ്പിന് അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും എത്ര ശതമാനം തുക 2012 നവംബർ 30 വരെ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ? | (ഡി) | നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഏകദേശം 54 ശതമാനം തുക വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ